# അഖിലലോക പ്രാർത്ഥനാ ദിനം

മാർച്ച് 07, 2025 വെള്ളിയാഴ്ച

**"ഞാൻ നിന്നെ അതിശയകരമായി സൃഷ്ടിച്ചിരിക്കുന്നു."**
**(സങ്കീർത്തനം 139 : 14)**

# ആരാധനാ ക്രമം

തയ്യാറാക്കിയത് : WDP Committee, കുക്ക് ദ്വീപുകൾ

## ഉദ്ദേശം

ദൈവം നമ്മെ ഓരോരുത്തരെയും വളരെ അധികം ശ്രദ്ധയോടുകൂടിയും സ്നേഹപൂർവ്വമായ കരുതലോടുകൂടിയും സൃഷ്ടിച്ചിരിക്കുന്നു എന്ന് തിരിച്ചറിയുവാനും മനസ്സിലാക്കുവാനുമാണ് ഈ പ്രാർഥനാദിനം നമ്മെ ക്ഷണിക്കുന്നത്. നമ്മെ ഓരോരുത്തരെയും അടുത്തറിയാം, നമ്മുടെ അതുല്യതയിൽ നാം ഓരോരുത്തരും ദൈവത്തിന് പ്രിയപ്പെട്ടവരാണ്. ഈ സത്യത്തിലേക്ക് നമ്മുടെ ഹൃദയം തുറക്കുമ്പോൾ, നമ്മുടെ ജീവിതത്തിൽ എല്ലാറ്റിനും മാറ്റം ഉണ്ടാകുന്നു. നമ്മുടെ ഉള്ളിൽ നിന്നും നാം പ്രകാശിക്കുന്നു, കൂടാതെ നാം മറ്റുള്ളവരെ ദൈവത്തിന്റെ പ്രിയകുഞ്ഞുങ്ങളായി കരുതുന്നു. ജനങ്ങൾ ദൈവത്തിന്റെ വലിയ സ്നേഹത്തിൽ വിശ്വസിക്കുമ്പോൾ അവർ ആത്മീയമായി ഉയർത്തപ്പെടും എന്നാണ് ഈ ആരാധനയിൽക്കൂടി ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

## സംസാരിക്കുന്നവർ

ലീഡർ 1 ലീഡർ 2 ലീഡർ 3

## വേദപുസ്തകം വായിക്കുന്നവർ

സ്ത്രീ 1 സ്ത്രീ 2 സ്ത്രീ 3

## ഒരുക്കങ്ങൾ

താഴെ പറയുന്ന ചിഹ്നങ്ങൾ ശേഖരിക്കുക.

## പൂക്കൾ

മദ്ബഹായിൽ പലതരത്തിലും നിറത്തിലുമുള്ള പൂക്കൾ വെയ്ക്കുക. ആരാധനയിൽ നേതൃത്വം വഹിക്കുന്നവർ പൂക്കൾകൊണ്ടുള്ള കിരീടമോ മാലയോ ധരിക്കുക. ആരാധനയിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഒരു പൂവ് വീതം നൽകുക. കുക്ക് ദ്വീപുകളിലെ ദേശീയ പുഷ്പമായ ടിയാറെ ഫ്ളവർ ലഭിക്കുകയാണെങ്കിൽ അത് ഉപയോഗിക്കാവുന്നതാണ്. കുക്ക് ദ്വീപുകളിൽ കാണുന്ന മറ്റു പൂക്കൾ ചെമ്പരത്തി, ജമന്തി, പ്ലൂമേരിയ, ഇവയാണ്.

കുക്ക് ദ്വീപുകളുടെ ഒരു പ്രത്യേക സവിശേഷതയായ പൂക്കൾ, സ്നേഹം, സൗഹൃദം, ആദരവ് ഇവ സൂചിപ്പിക്കുന്നു. അവിടുത്തെ ആളുകൾ പൂക്കൾ കൊണ്ടുള്ള കിരീടങ്ങളും മാലകളും ധരിക്കുന്നു. കൂടാതെ അവിടുത്തെ തുണിത്തരങ്ങളിലും, വസ്ത്രങ്ങളിലും കലാരൂപങ്ങളിലും പുതപ്പുകളിലും എല്ലാം പൂക്കൾ കാണാം.

## നീലതുണി, ഒരു പാത്രംവെള്ളം, ഷെൽ (കടൽപ്പുറത്തെ കക്കയുടെ തോട്)

സമുദ്രത്തിന്റെ പ്രതീതി ജനിപ്പിയ്ക്കുവാനായി നീലതുണി, ഒരു പാത്രംവെള്ളം, ഷെൽ (ചിപ്പി) ഇവ മദ്ബഹായിൽ വെയ്ക്കുക.

കുക്ക് ദ്വീപുകളിലെ ജീവിതത്തിന്റെ ഒരു പ്രത്യേകതയാണ് സമുദ്രം. സമുദ്രം ജീവിതമാണ്. അത് ആഹാരം, ജീവിതമാർഗ്ഗം, യാത്രാമാർഗ്ഗം ഇവയുടെയെല്ലാം ഉറവിടമാണ്. ആളുകളെയും സമൂഹത്തെയും സമുദ്രം ബന്ധിപ്പിക്കുന്നു.

**തെങ്ങോല, തേങ്ങ**

തെങ്ങിന്റെ പടമോ, തേങ്ങയോ ഉപയോഗിക്കുക. തെങ്ങോലയോ തേങ്ങയോ ഉണ്ടെങ്കിൽ അതും മദ്ബഹായിൽ വെയ്ക്കണം.

കുക്ക് ദ്വീപുകളിൽ തെങ്ങിനെ വിശേഷിപ്പിക്കുന്നത് "ജീവന്റെ മരം"എന്നാണ്. കാരണം മരത്തിന്റെ എല്ലാ ഭാഗങ്ങളും ഉപയോഗപ്രദമാണ്. അത് ആഹാരം, പാനീയം, മരുന്ന്, കരകൗശല പണികൾ, നിർമ്മാണ സാമഗ്രികൾ ഇവ നൽകുന്നു.

**തോണി** : തോണിയുടെ പടമോ, തോണിയോ മദ്ബഹായിൽ വെയ്ക്കുക.

കുക്ക് ദ്വീപുവാസികളുടെ പുരാതനമായ സഞ്ചാരമാർഗ്ഗമാണ് തോണി. തോണി നിർമ്മിച്ച പൂർവ്വീകർക്ക് ദൈവം നൽകിയ ദാനമായ നൈപുണ്യത്തിന്റെ അടയാളമാണ് ഇത്.

**വേദപുസ്തകം**

സങ്കീർത്തനം 139 : 14-ാം വാക്യം എടുത്ത് ബൈബിൾ മദ്ബഹായിൽ തുറന്നു വെയ്ക്കുക.

**ആമുഖം/ പൂർവ്വരംഗം**

പങ്കെടുക്കുന്നവർ എത്തുമ്പോൾ (ആരാധന തുടങ്ങുന്നതിന് 10-15 മിനുറ്റ് മുമ്പ്) തിരമാലകളുടെ ശബ്ദം ഓഡിയോ അല്ലെങ്കിൽ വീഡിയോയിൽ കേൾപ്പിക്കുക. ഓരോ വ്യക്തിക്കും ഒരു പൂ വീതം നൽകുക. അത് ചെവിയുടെ പുറകിൽ ചൂടുകയോ വസ്ത്രത്തിൽ ധരിക്കുകയോ ചെയ്യാം.

**സ്വാഗതാ ഗാനം**

ആരാധന തുടങ്ങുമ്പോൾ ലീഡർമാർ മൂന്നു പേരും ജനങ്ങളുടെ മുമ്പിലായി ഒരുമിച്ചു നിൽക്കുന്നു.

ഗായകർ പാടുന്നു,

> സ്വാഗതം, സ്വാഗതം,
> എല്ലാവരും വരിക, എല്ലാവരും വരിക,
> ലോകം മുഴുവനും

1-ാം ലീഡർ സംസാരിക്കുന്നു. ജനം പ്രതിവാക്യം പറയുന്നു.

**ലീഡർ 1 കിയാ ഒറാനാ**

ഇന്നത്തെ ആരാധനാക്രമം നമുക്കു ലഭിച്ചിരിക്കുന്നത് പസഫിക്ക് സമുദ്രത്തിലെ കുക്ക് ദ്വീപുകളിലെ ഒരു കൂട്ടം ക്രിസ്തീയ സ്ത്രീകളുടെ കൂട്ടായ്മയിൽ നിന്നാണ്. കിയാ ഒറാനാ എന്ന ശൈലി മാവോറി ഭാഷയിൽ അന്യോന്യം ആശംസകൾ നേരുന്നതിന് ഉപയോഗിക്കുന്നു. കിയാ ഒറാനാ എന്ന ശൈലി 'ഹലോ' എന്നുള്ളതിനേക്കാൾ കൂടുതൽ അർഥവത്താണ്. അതിന്റെ അർഥം 'നിങ്ങൾ

ദീർഘനാൾ നന്നായി ജീവിക്കട്ടെ, നിങ്ങൾ സൂര്യനെപ്പോലെ പ്രകാശിയ്ക്കട്ടെ, നിങ്ങൾ തിരമാലകളുടെ കൂടെ നൃത്തം വെയ്ക്കുമാറാകട്ടെ' എന്നാണ്.

കുക്ക് ദ്വീപുകളിലെ നമ്മുടെ സഹോദരിമാർ ഇന്ന് ലോകം മുഴുവനും ഈ മാവോറി ശൈലി ഉപയോഗിച്ച് അന്യോന്യം ആശംസ പങ്കിടണമെന്നാണ് ആഗ്രഹിക്കുന്നത്. എല്ലാവരും എന്റെ പിന്നാലെ പറയുക.

ലീഡർ 1 : കിയാ ഒറാനാ
ജനം : കിയാ ഒറാനാ

ലീഡർ 1 : നിങ്ങൾ ദീർഘനാൾ നന്നായി ജീവിക്കട്ടെ
ജനം : നിങ്ങൾ ദീർഘനാൾ നന്നായി ജീവിക്കട്ടെ

ലീഡർ 1 : നിങ്ങൾ സുഖമായി ജീവിക്കട്ടെ
ജനം : നിങ്ങൾ സുഖമായി ജീവിക്കട്ടെ

ലീഡർ 1 : നിങ്ങൾ സൂര്യനെപ്പോലെ പ്രകാശിക്കട്ടെ
ജനം : നിങ്ങൾ സൂര്യനെപ്പോലെ പ്രകാശിക്കട്ടെ

ലീഡർ 1 : നിങ്ങൾ തിരമാലകളുടെ കൂടെ നൃത്തം വെയ്ക്കട്ടെ
ജനം : നിങ്ങൾ തിരമാലകളുടെ കൂടെ നൃത്തം വെയ്ക്കട്ടെ

**<u>ലീഡർ 2</u>**

ലീഡർ 2 : കിയാ ഒറാനാ
ജനം : കിയാ ഒറാനാ

ലീഡർ 2 : ഒരു നിമിഷം നിങ്ങളുടെ സ്വന്തം ശ്വാസോച്ഛ്വാസം ശ്രദ്ധിക്കുക
(വിരാമം)

ലീഡർ 2 : നിങ്ങളുടെ ശ്വാസം കടലിലെ തിരമാലകൾ പോലെ വരുന്നത് ശ്രദ്ധിക്കുക
(ദീർഘവിരാമം)

ലീഡർ 2 : ഇവിടെ കൂടി വന്നിരിക്കുന്ന നാമെല്ലാവരും ശ്വസിക്കുന്നു. അത് അതിശയകരമല്ലേ. ജീവനാകുന്ന ദാനം നാം എല്ലാവരും പങ്കിടുന്നു. സമുദ്രത്തിലെ തിരമാലകൾ പൊങ്ങുകയും താഴുകയും ചെയ്യുന്നതുപോലെ നമ്മുടെ ശ്വാസം അകത്തേക്കും പുറത്തേക്കും പോകുന്നു.

ലീഡർ 2 : നമുക്ക് ഒരു വലിയ തിരമാല ഉണ്ടാക്കാം. ഒരു ദീർഘശ്വാസം എടുക്കുക. ജീവന്റെ വിശുദ്ധവും പങ്കുവെയ്ക്കുന്നതുമായ സമ്മാനം നമുക്കു അനുഭവപ്പെടാം.
(വിരാമം)

**<u>ലീഡർ 3</u>**

ലീഡർ 3 : കിയാ ഒറാനാ
ജനം : കിയാ ഒറാനാ

ലീഡർ 3 : നമുക്ക് മറ്റൊരു വിധത്തിൽ നമ്മുടെ ജീവിതവുമായി ബന്ധിപ്പിക്കാം. നിങ്ങളുടെ രക്തകുഴലുകളിലൂടെ രക്തം ഒഴുകുന്നത് ഭാവനയിൽ കാണുക. നദികളിൽ വെള്ളം ഒഴുകുന്നതുപോലെ.
(വിരാമം)

ലീഡർ 3 : ഒരു നദി, തീരങ്ങളിലേക്കും ഭൂമിയിലെ വയലുകളിലേയ്ക്കും പോഷകങ്ങൾ കൊണ്ടുവരുന്നതുപോലെ നിങ്ങളുടെ രക്തം നിങ്ങളുടെ ശരീരത്തിലെ ഓരോ അവയവങ്ങളിലേക്കും പോഷകങ്ങൾ ലഭ്യമാക്കുന്നു.
(ദീർഘവിരാമം)

ഇതുപോലെ പ്രവർത്തിക്കുവാൻ ദൈവം നമ്മുടെ ശരീരങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് അതിശയകരമല്ലേ ? നമ്മുടെ ഉള്ളിലുള്ള ഓരോ അവയവത്തിനും ആരോഗ്യവും ജീവനും നൽകുവാൻ ?

<u>ലീഡർ 1</u>

ലീഡർ 1 : കിയാ ഒറാനാ !
ജനം : കിയാ ഒറാനാ !

ലീഡർ 1 : ഇപ്പോൾ നിങ്ങളുടെ ശരീരത്തിൽ അധികം വേദന ഇല്ലാത്ത ഒരു ഭാഗം എടുക്കുക. എന്നിട്ട് നിങ്ങളുടെ ചർമ്മം (Skin) സമയത്തിലും വായുവിലും നൃത്തം ചെയ്യുന്നതായി അനുഭവിക്കുക. നിങ്ങൾക്ക് നിങ്ങളുടെ കൈ വിരലുകളും കാൽ വിരലുകളും ഇളക്കാൻ തോന്നുന്നുണ്ടായിരിക്കും. ഒരു പക്ഷെ നിങ്ങളുടെ കഴുത്തിലെ പേശികൾ (Muscles) വലിച്ചു പിടിക്കുവാൻ തോന്നും. അല്ലെങ്കിൽ അനങ്ങാതെ കസേരയിൽ ഇരുന്നിട്ട് ആ കസേര നിങ്ങളെ എങ്ങനെ താങ്ങുന്നു എന്ന് ചിന്തിക്കാം. നിങ്ങളുടെ ശരീരം ഉപയോഗിക്കുമ്പോൾ, നിങ്ങൾ ഒരു കുട്ടിയെപ്പോലെ വെറുതെ ലോകത്തിൽ സഞ്ചരിക്കുമ്പോൾ സന്തോഷം തോന്നുന്നത് ഓർക്കുക.
(ദീർഘവിരാമം)

ലീഡർ 2 : പ്രാരംഭത്തിൽതന്നെ ദൈവം നമ്മെ അതിശയകരമാക്കി അമ്മയുടെ ഉദരത്തിൽ നമ്മെ മെനഞ്ഞുണ്ടാക്കി.

ലീഡർ 3 : ഓരോ ദിവസവും ഓരോ നിമിഷവും ആത്മാവ് ഒഴുകിക്കൊണ്ടിരിക്കുന്നു. അങ്ങനെ അതിശയകരമായ ജീവൻ എന്ന ദാനം അനുഭവിച്ചറിയുവാൻ സഹായിക്കുന്നു.

ലീഡർ 1 : നാം ഓരോരുത്തരും അതുല്യമാണ്. നമ്മെ ദൈവം വളരെയധികം സ്നേഹിക്കുന്നു. ഇവിടെ ഒരുമിച്ചു കൂടിയിരിക്കുന്ന എല്ലാവരെയും നോക്കുക. ഈ സ്ഥലത്തും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും കൂടിയിരിക്കുന്നവരെ നോക്കി പരസ്പരം ലഭിച്ചിരിക്കുന്ന ദാനത്തെ വിലമതിക്കുക. (എല്ലാവരും തമ്മിൽ തമ്മിൽ നോക്കുന്നു. ദീർഘവിരാമം)

സ്തുതിഗീതം

ഗായകർ പാട്ട് ലീഡ് ചെയ്യുന്നു. ജനങ്ങൾ കൂടെ പാടുന്നു. ലീഡർ മൂന്നുപേരും നിൽക്കുന്നു.

I am fearfully made and wonderfully made.
Marvelous are your works,
that my soul knows very well
And I Praise you all my days !

**പ്രാരംഭ പ്രാർത്ഥന**

**ലീഡർ 2 സംസാരിക്കുന്നു.**

**നമുക്ക് നമ്മുടെ സൃഷ്ടാവിനോട് പ്രാർത്ഥിക്കാം.**

ഞങ്ങളെ അതിശയകരമായി സൃഷ്ടിച്ച ദൈവമേ, ലോകമെമ്പാടുമുള്ള സഹോദരീ സഹോദരന്മാരുടെ ഈ കൂട്ടായ്മക്കായിട്ട് നന്ദി പറയുന്നു. ഞങ്ങൾ കൂടി വന്നിരിക്കുമ്പോൾ ഞങ്ങളുടെ ഹൃദയം നിന്നിലേക്കും മറ്റുള്ളവരിലേക്കും തുറക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളെ അലട്ടുന്ന ആശങ്കകളിൽ നിന്നും ഞങ്ങളുടെ മനസ്സിനെ ശാന്തമാക്കണമേ. നിന്നിലേക്കും തമ്മിൽ തമ്മിലും ഞങ്ങളെ വീണ്ടും ബന്ധിപ്പിച്ച് എല്ലാവരും ശോഭയോടെ തിളങ്ങുവാനും ദൈവസ്നേഹം ലോകത്തിൽ പ്രസരിപ്പിക്കുവാനും ഇടയാക്കണമേ. **ആമേൻ**

കുക്ക് ദ്വീപുകളിലെ സ്ത്രീകളുടെ ശബ്ദത്തിലൂടെ നമുക്ക് ദൈവത്തെ ശ്രദ്ധിക്കാം.

ഗായകർ തീം സോങ്ങിന്റെ സംഗീതം അക്കാപ്പെലയിൽ പതുക്കെ മൂളുന്നു. ഈ സമയം ലീഡർമാർ മൂന്നുപേരും ഇരിക്കുന്നു. 1-ാമത്തെ സ്ത്രീ എഴുന്നേറ്റ് നിൽക്കുന്നു.

**വേദവായന പാട്ട്**

**സങ്കീർത്തനം 139 : 1 – 6**

ജനങ്ങളുടെ പുറകിൽ നിന്നോ സ്റ്റേജിന്റെ പുറത്തു നിന്നോ വായിക്കുന്നു.

സങ്കീർത്തനങ്ങളിൽ നിന്നുള്ള വായനഭാഗം : സങ്കീർത്തനം 139 : 1 – 6 വാക്യങ്ങൾ

യഹോവേ, നീ എന്നെ ശോധന ചെയ്ത് അറിഞ്ഞിരിക്കുന്നു;
ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു.
എന്റെ നിരൂപണം നീ ദൂരത്തുനിന്നും ഗ്രഹിക്കുന്നു.
എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു;
എന്റെ വഴികളൊക്കെയും നിനക്ക് മനസ്സിലായിരുന്നു.
യഹോവേ, നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല.
നീ മുമ്പും പിമ്പും എന്നെ അടച്ചു നിന്റെ കൈ എന്റെ മേൽ വച്ചിരിക്കുന്നു.
ഈ പരിജ്ഞാനം എനിക്ക് അത്യത്ഭുതമാകുന്നു;
അത് എനിക്ക് ഗ്രഹിച്ചു കൂടാതെവണ്ണം ഉന്നതമായിരിക്കുന്നു.

**കഥ 1 - ദൈവം നമ്മെ അറിയുന്നു.**

**1 ാമത്തെ സ്ത്രീ സംസാരിക്കുന്നു.**

കിയാ ഒറാനാ !

എന്റെ പേര് മീ. എനിക്ക് 15 വയസ്സാണ്. ഫെബ്രുവരി 2022 എനിക്ക് പേടിപ്പെടുത്തുന്ന ഒരു മാസമായിരുന്നു. ആ മാസത്തിലാണ് ആദ്യമായി എന്റെ കുടുംബം കോവിഡ്-19 പോസിറ്റീവ് ആയ ഒരാളുമായി സമ്പർക്കം പുലർത്തുന്നത്.

ഞാൻ അതിനെപ്പറ്റി ആദ്യം കേട്ടപ്പോൾ പരിഭ്രാന്തയായി. എന്റെ ഡാഡിക്ക് വലിയ വിഷമമായി. കാരണം ഡാഡിയിലൂടെയാണ് അത് ഞങ്ങളുടെ വീട്ടിലേക്കു എത്തിയത്. ഞാൻ വളരെ വിഷമത്തിലായി. ഞങ്ങൾ മരിച്ചു പോകുമെന്ന് ഞാൻ വിചാരിച്ചു. കോവിഡ് മൂലം മരിച്ചവരെക്കുറിച്ച് എനിക്ക് അറിയാമായിരുന്നു. ജനിക്കുവാനിരിക്കുന്ന എന്റെ മരുമകനെ കാണാതെ ഞാൻ മരിച്ചു പോകുമെന്ന് എനിക്ക് തോന്നി.

ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത കാര്യങ്ങളെക്കുറിച്ചു ഞാൻ ചിന്തിക്കുവാൻ തുടങ്ങി. ഞാൻ പ്രാർത്ഥിക്കുവാൻ തുടങ്ങി. എന്റെ കുടുംബത്തെ സംരക്ഷിക്കണമേ എന്ന് ഞാൻ ദൈവത്തോട് അപേക്ഷിച്ചു. ഇനിയും എന്ത് സംഭവിക്കുമെന്ന് എനിക്ക് അറിയില്ലായിരുന്നു. ഞാൻ ദൈവത്തോട് മാർഗനിർദ്ദേശത്തിനായി അപേക്ഷിച്ചു. ഞാൻ വളരെയധികം പേടിക്കുകയും ഭയപ്പെടുകയും ചെയ്തെങ്കിലും പ്രാർത്ഥന എനിക്ക് സമാധാനം നൽകുമെന്ന് അറിയാമായിരുന്നു. അത് ഫലപ്രദമായി. ഞാൻ കരച്ചിൽ നിർത്തി, ഹൃദയത്തിൽ നിന്നും ഭാരം നീങ്ങി.

ദൈവം എന്റെ ജീവിതത്തിന്റെ എല്ലാ കാര്യങ്ങളും അറിയുന്നുവെന്ന് എനിക്ക് മനസിലായി. എന്റെ വിഷമതകളും ഭയവും ദൈവം അറിയുന്നു. ദൈവം അറിയുകയും എനിക്കുവേണ്ടി പരിചരിക്കുകയും ചെയ്യുന്നു എന്നുള്ള അറിവ് എനിക്ക് ഭയം തോന്നുമ്പോൾ ശാന്തത പാലിക്കുവാൻ എന്നെ സഹായിക്കുന്നു.

ദൈവത്തിന് എന്നെ അറിയാം, ദൈവത്തിന് നിങ്ങളെ അറിയാം, നമ്മൾ കടന്നു പോകുന്ന എല്ലാ കാര്യങ്ങളും ദൈവം അറിയുന്നു.

ഗായകർ തീം സോങ് അക്കാപ്പെല മൂളുന്നു. സ്ത്രീ 1 ഇരിക്കുന്നു. 2-ാമത്തെ സ്ത്രീ എഴുന്നേൽക്കുന്നു.

സങ്കീർത്തനം 139 : 7 - 12

ജനത്തിന്റെ പുറകിൽ നിന്നോ സ്റ്റേജിന്റെ അകത്തു നിന്നോ വായിക്കുന്നു.

> നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും ?
> തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും ?
> ഞാൻ സ്വർഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ട്.
> പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട്.
> ഞാൻ ഉഷസ്സിൻ ചിറകു ധരിച്ചു, സമുദ്രത്തിന്റെ അറ്റത്തു ചെന്ന് പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും.
> നിന്റെ വലങ്കൈ എന്നെ പിടിക്കും. ഇരുട്ട് എന്നെ മൂടിക്കളയട്ടെ;
> വെളിച്ചം എന്റെ ചുറ്റും രാത്രിയായി തീരട്ടെ എന്ന് ഞാൻ പറഞ്ഞാൽ ഇരുട്ട് പോലും നിനക്ക് മറവായിരിക്കില്ല.
> രാത്രി പകൽ പോലെ പ്രകാശിക്കും. ഇരുട്ടും വെളിച്ചവും നിനക്ക് ഒരുപോലെ തന്നെ.

**നമുക്ക് ഇപ്പോൾ രണ്ടാമത്തെ കഥ കേൾക്കാം.**

**<u>വൈനിയുവിന്റെ കഥ - ദൈവം നമ്മോടുകൂടെ ഉണ്ട്</u>**

രണ്ടാമത്തെ സ്ത്രീ സംസാരിക്കുന്നു.

കിയാ ഒറാനാ !

എന്റെ പേര് വൈനിയു. ഐറ്റുറ്റാക്കി എന്ന ദ്വീപിൽ 1958-ലാണ് ഞാൻ ജനിച്ചത്. എന്റെ മാതാപിതാക്കളും മുത്തച്ഛനും മുത്തശ്ശിയും കുട്ടികളെ നല്ലതുപോലെ വളർത്തികൊണ്ടുവരുവാൻ തക്കതായ നല്ല സംസ്കാരത്തിന് പ്രാധാന്യം വളരെയധികം ഉണ്ടെന്നു വിശ്വസിച്ചിരുന്നു. ഞാൻ അരൗര പ്രൈമറി സ്കൂളിലാണ് പഠിച്ചത്. ആദ്യത്തെ 3 വർഷം കുക്ക് ദ്വീപുകളിലെ ഭാഷയായ മാവോറിയിലാണ് പഠിത്തം നടന്നത്. സ്കൂളിൽ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഇംഗ്ലീഷ് ഭാഷക്ക് വളരെയധികം പ്രാധാന്യം നൽകണമെന്ന് എനിക്ക് മനസ്സിലായി. സങ്കടത്തോടെ പറയട്ടെ, ഞാൻ പഠിച്ച സ്കൂളുകളിൽ ക്ലാസ്സിലും, കളിസ്ഥലത്തും ഇംഗ്ലീഷ് സംസാരിക്കുവാൻ ഞങ്ങളെ പ്രോത്സാഹിപ്പിച്ചു. മാതൃഭാഷ സംസാരിക്കരുതെന്ന് ഞങ്ങളുടെ അധ്യാപകർ പറഞ്ഞു. ഇംഗ്ലീഷ് ഭാഷയിൽ മുഴുകിയിരിക്കാൻ ഞങ്ങളോട് ആവശ്യപ്പെട്ടു. നിർഭാഗ്യവശാൽ ഇംഗ്ലീഷാണ് ലോകഭാഷയെന്നും, വ്യാപാരത്തിന്റെ ഭാഷയെന്നും, അതിനാൽ ശ്രേഷ്ഠതയുടെ ഭാഷയെന്നും അനേകം പേർ വിശ്വസിച്ചു. വെസ്റ്റേൺ സ്വാധീനം ആ ദിനങ്ങളിൽ വളരെ ശക്തമായിരുന്നു. മാവോറി ഭാഷയിൽ എനിക്ക് പ്രാവീണ്യം ഉണ്ട്, പക്ഷെ ഇംഗ്ലീഷ് ഭാഷ വളരെ കുറച്ചു മാത്രമേ അറിയാമായിരുന്നുള്ളൂ. അതുകൊണ്ടു വളരെയധികം ബുദ്ധിമുട്ടി.

എന്റെ മുത്തശ്ശി മമ്മ മെരിയാനു തന്റെ പേരക്കുട്ടികളെ മാവോറി സംസാരിക്കുവാൻ പ്രേരിപ്പിച്ചു. ഞാൻ മമ്മ മെരിയാനയെ വളരെയധികം ഇഷ്ടപ്പെട്ടു. എന്റെ ബാല്യത്തിൽ അവർക്ക് വളരെയധികം സ്വാധീനം ഉണ്ടായിരുന്നു. ജീവിതത്തിൽ എന്റെ ഗുരുവും മാതൃകാവനിതയും എന്റെ മുത്തശ്ശി ആയിരുന്നു. മുത്തശ്ശിയിൽ നിന്നാണ് ഞാൻ വിലയേറിയ ജീവിതകലകളായ, എങ്ങനെ ചെടികൾ നടണം?, ഭക്ഷണം എങ്ങനെ പാകം ചെയ്യണം? റിയോ ഐറ്റുക്കിയൻ ഭാഷ എങ്ങനെ സംസാരിക്കണം? ഇവയെല്ലാം ശരിയായി പഠിച്ചത്. നാം ആരാണെന്നും എവിടെ നിന്നും വരുന്നുവെന്നും നമ്മെ രൂപപ്പെടുത്തുവാൻ നമ്മുടെ മുതിർന്നവർ നല്ല ഒരു പങ്ക് വഹിക്കുന്നുവെന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു.

വർഷങ്ങൾ കടന്നുപോയപ്പോൾ ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം വർദ്ധിക്കുകയും ഞങ്ങളുടെ മാവോറി ഭാഷയുടെ പ്രാധാന്യം കുറയുകയും ചെയ്തു. എന്റെ കുട്ടിക്കാലത്തെ പ്രാഥമിക വിദ്യാഭ്യാസം എന്നിൽ പോസിറ്റീവ് ആയ ഒരു സ്വാധീനം ഉണ്ടാക്കിയില്ല, കാരണം എന്റെ മാതാപിതാക്കളിൽ നിന്നും മുത്തച്ഛന്റെയും മുത്തശ്ശിയുടെയും അടുക്കൽ നിന്നും കുടുംബത്തിൽ നിന്നും പഠിച്ച കാര്യങ്ങൾ വെസ്റ്റേൺ ക്ലാസ് റൂമിൽ അധ്യാപകർ പഠിപ്പിച്ചതിൽ നിന്നും വിരുദ്ധമായ കാര്യങ്ങൾ ആയിരുന്നു. ഞങ്ങൾ പഠിച്ച പുസ്തകങ്ങളും പാഠങ്ങളും എല്ലാം ഇംഗ്ലീഷിലായിരുന്നു. ഈ ഇംഗ്ലീഷ് പുസ്തകങ്ങൾ എങ്ങനെ പച്ചക്കറി നടുവാനും, അടുപ്പ് ഉണ്ടാക്കുവാനും, ഭക്ഷണം പാകം ചെയ്യാനും, തുണി കഴുകുവാനും, കോഴികൾക്കും പന്നികൾക്കുമൊക്കെ ഭക്ഷണം നൽകുവാനും, സഹായിക്കുമെന്ന് ഞാൻ ചിന്തിക്കുമായിരുന്നു. ശക്തമായ നഷ്ടബോധം ക്ലാസ്റൂമിൽ നിന്നും മാറി നിൽക്കുവാൻ എന്നെ പ്രേരിപ്പിച്ചു.

ഒരു പ്രാവശ്യം സ്കൂളിൽ മാതൃഭാഷ സംസാരിച്ചതിന് എന്നെ ശിക്ഷിച്ചത് ഞാൻ ഓർക്കുന്നു. എന്റെ ടീച്ചർ ഒരു കാർഡ്ബോർഡിൽ 'ഞാൻ ഒരു മാവോറി സ്പീക്കർ ആണ്' എന്നെഴുതി എന്റെ കഴുത്തിൽ തൂക്കിയിട്ട് എന്നെ ശിക്ഷിച്ചു. എന്നെ ക്ലാസ്സിൽ നിന്നും പുറത്താക്കി. ഒരു നല്ല ചൂടുള്ള ദിവസം സ്കൂൾ സ്ഥലത്തു

എന്നെകൊണ്ട് 'പ്രിക്കിക്കാ' എന്ന മുള്ളോടുകൂടിയ കല പഠിപ്പിച്ചു. എന്റെ സഹപാഠികളുടെ മുൻപിൽ ഞാൻ അപമാനിതയായി. ആ ദിവസം ഞാൻ ഒരിക്കലും മറക്കുകയില്ല. ആ അനുഭവത്തിനുശേഷം ഞാൻ ഇംഗ്ലീഷ് സംസാരിക്കുവാനും എന്റെ മാതൃഭാഷയെപ്പറ്റി വളരെ കുറച്ചുമാത്രം സംസാരിക്കുവാനും തീരുമാനിച്ചു. എന്റെ ഭാഷയും, സംസ്കാരവും വില കുറച്ചു കണ്ടതിന്റെ ഒരു ഉദാഹരണം മാത്രമാണിത്.

ലോകമെമ്പാടും ദൈവം നമുക്ക് അതുല്യവും പ്രത്യേകതയുള്ളതുമായ ഭാഷകൾ തന്നിരിക്കുന്നു. നാം ആ ഭാഷകളെ ആദരിക്കുകയും വിലമതിക്കുകയും വേണം. നമ്മുടെ പഠനരംഗത്ത് മാവോറി ഭാഷക്ക് ഏറ്റവും പ്രാധാന്യം നൽകണം. അധ്യാപകരും, വിദ്യാർത്ഥികളും എല്ലാ വിഷയങ്ങളും മാവോറി ഭാഷയിൽ സംസാരിക്കുവാനും, പഠിപ്പിക്കുവാനും, എഴുതുവാനും, പ്രോത്സാഹിപ്പിക്കണം. വീട്ടിൽ മാവോറി ഭാഷ സംസാരിച്ചു മാതാപിതാക്കൾ ഈ ഭാഷ നിലനിൽക്കുവാൻ അവസരം നൽകണം.

എന്റെ പ്രാഥമിക വിദ്യാഭ്യാസകാലത്തു അന്നത്തെ വിദ്യാഭ്യാസ രീതി മൂലം ഞാൻ മോശക്കാരിയാകുകയും നാണം കെടുകയും ചെയ്തെങ്കിലും ദൈവം എന്നോടുകൂടെ ഉണ്ട് എന്ന് എനിക്ക് അറിയാമായിരുന്നു. നാം അവഗണിക്കപ്പെടുകയും മോശമായി നമ്മോട് പെരുമാറുകയും ചെയ്താലും ദൈവം നമ്മോടുകൂടെ ഉണ്ട്. സമുദ്രത്തിന്റെ അടിയിലെ അന്ധകാരത്തിൽ, വെളിച്ചം ഒട്ടും ഇല്ലാത്തയിടത്തു ദൈവം നമ്മോട് കൂടെ ചേരും. അന്ധകാരത്തിൽ നിന്നും അത്ഭുതകരമായ പ്രകാശത്തിലേക്ക് ദൈവം നമ്മെ നടത്തും.

കിയാ ഒറാനാ ! കിയാ മനുയിയ.

എന്റെ കഥ കേട്ടതിന് നന്ദി. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ഗായകർ തീം സോങ് അക്കാപ്പെലയിൽ മൂളുന്നു. സ്ത്രീ 2 ഇരിക്കുന്നു. മൂന്നാമത്തെ സ്ത്രീ സ്ഥലത്തു തയ്യാറാകുന്നു.

<u>സ്ത്രീ 3</u>

സങ്കീർത്തനം 139 : 13 - 18

ജനങ്ങളുടെ പുറകിൽ നിന്നോ സ്റ്റേജിന്റെ മുകളിൽ നിന്നോ വായിക്കുന്നു.

> നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു.
> ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു;
> നിന്റെ പ്രവൃത്തികൾ അത്ഭുതകരമാകുന്നു. അത് എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു.
> ഞാൻ രഹസ്യത്തിൽ ഉണ്ടാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ നിർമ്മിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ അസ്ഥിക്കൂടം നിനക്ക് മറവായിരുന്നില്ല.
> ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണ് എന്നെ കണ്ടു.
> നിയമിക്കപ്പെട്ട നാളുകളിൽ ഒന്നും ഇല്ലാതിരുന്നപ്പോൾ, അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു.
> ദൈവമേ, നിന്റെ വിചാരങ്ങൾ എനിക്ക് എത്ര ഘനമായവ !
> അവയുടെ ആകത്തുകയും എത്ര വലിയത് !
> അവയെ എണ്ണിയാൽ മണലിനേക്കാൾ അധികം ;
> ഞാൻ ഉണരുമ്പോൾ ഇനിയും ഞാൻ നിന്റെ അടുക്കൽ ഇരിക്കുന്നു.

**കഥ 3 : ദൈവം നമ്മെ ഭയങ്കരവും അതിശയകരമായും സൃഷ്ടിച്ചു.**

കിയാ ഒറാനാ !

എന്റെ പേര് –ഡോ. ഡോൺ. ഞാൻ ചെയ്ത കഠിനമായ കാര്യം ഡോക്ടറാവുക എന്ന താണ്. ഒരു അമ്മയുടെ കുഞ്ഞിനെ രക്ഷിക്കുവാനായി ഞാൻ എന്റെ ഭാഗം ചെയ്ത തുകൊണ്ട് ആ കുഞ്ഞു ഇന്ന് ആരോഗ്യത്തോടെ ഇരിക്കുന്നു എന്ന് ആ അമ്മ പറയു ന്നത് കേൾക്കുമ്പോൾ വലിയ സന്തോഷമാണ്. ഒരിക്കൽ 10 വർഷമായി തമ്മിൽ ക ണ്ടിട്ടില്ലാത്ത ഒരു കുട്ടി വന്ന് എന്നെ കെട്ടിപ്പിടിച്ചു പറഞ്ഞു ഞാൻ ഇപ്പോഴും അവ ളുടെ 'ബേബി ഡോക്ടർ' ആണെന്ന്. കുഞ്ഞുങ്ങളുടെ കൂടെ ജോലി ചെയ്യുന്നത് ഞാൻ വളരെ ഇഷ്ടപ്പെടുന്നു. കുക്ക് ദ്വീപുകളിൽ നിന്നും ഞങ്ങളുടെ ജോലിക്കാർ ഈ സ്ഥലം വിട്ടുപോകണം എന്ന ഭീഷണി നിലനിൽക്കുമ്പോൾ ഈ കുട്ടികളാണ് സേവനത്തിൽ തുടരുവാൻ എന്നെ ഉത്സാഹിപ്പിക്കുന്നത്. ഫിജിയിൽ 7 വർഷത്തെ പഠനത്തിന് ശേഷം 2003 ൽ ഞാൻ ഡോക്ടർ ബിരുദധാരിയായി. ആ കാലത്തു കുക്ക് ദ്വീപുകളിൽ ശിശുരോഗ ചികിത്സക്ക് പ്രാധാന്യം നൽകിയിരുന്നു. എന്റെ മുൻഗാമി യായ ഡോ. ഹെൻറി ഡൈവോക്കുവിന്റെ പിന്നാലെ കുക്ക് ദ്വീപുകളിലെ ശിശുരോഗ വിഭാഗത്തിലെ ആദ്യത്തെ വനിതാ ഡോക്ടറായി ഞാൻ ചേർന്നു. ശിശുരോഗ വാർഡ് നേരത്തെ നോക്കിയിരുന്ന ഡോ. മൺറോയെയും ഞാൻ ഈ സമയത്തു സ്മരിക്കുന്നു.

ഒരു ശിശുഡോക്ടറായി ഞാൻ ഏറ്റവും പ്രാധാന്യം നൽകിയത് എല്ലാ കുഞ്ഞുങ്ങൾ ക്കും 24 മണിക്കൂറിനുള്ളിൽ പരിശോധന നൽകണം എന്നുള്ളതാണ്. മാസം തിക യാത്ത കുഞ്ഞുങ്ങളെയും തീരെ അവശരായ കുട്ടികളെയും ചികിൽസിക്കുവാനുള്ള എല്ലാ സാമഗ്രികളും തയ്യാറാക്കുവാൻ ഞാൻ സഹായിച്ചു. ശരിയായ ചികിത്സ നൽകുവാനായി മാർഗ്ഗരേഖകളും, പെരുമാറ്റച്ചട്ടങ്ങളും തയ്യാറാക്കി. കുക്ക് ദ്വീപുക ളും ഞങ്ങളുടെ വലിയ സഹായികളായ ഓക്ക്ലൻഡും ന്യൂസിലൻഡിലെ സ്റ്റാർഷിപ്പ് ഹോസ്പിറ്റലും തമ്മിലുള്ള ബന്ധം കൂടുതൽ ശരിയാക്കി. കുഞ്ഞുങ്ങൾക്ക് പ്രത്യേക സംരക്ഷണം നൽകുന്നത് കുഞ്ഞുങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് സഹാ യിച്ചു. 1995 നു ശേഷം പ്രസവസംബന്ധമായ മരണം ഇല്ലാത്ത ഒരേയൊരു പസഫി ക് ദ്വീപിലെ രാജ്യം ഞങ്ങളുടേതാണ് എന്ന് പറയുന്നതിൽ അഭിമാനമുണ്ട്.

ദശാബ്ദങ്ങളായി കുക്ക് ദ്വീപുകളിലെ മറ്റു ആരോഗ്യ സംരക്ഷണ പരിപാടികളും വളരെയധികം പുരോഗമിച്ചിട്ടുണ്ട്. 1990 മുതൽ പകർച്ച വ്യാധികളിൽ നിന്നും രോഗ ശമന ഔഷധങ്ങളിലേക്കു പ്രത്യേക പരിചരണം മാറിയിട്ടുണ്ട്. സെർവിക്കലും ബ്രെസ്റ്റ് കാൻസറിനുമുള്ള പരിശോധന രീതികൾ വളരെയധികം പുരോഗമിച്ചിട്ടുണ്ട്. എന്നാൽ ഈ മേഖലകളിൽ ഇനിയും വളരെയധികം ചെയ്യാനുണ്ട്. മെച്ചപ്പെട്ട പ്രാഥ മിക ആരോഗ്യ സംരക്ഷണം നൽകുന്നതിനും പകർച്ചവ്യാധികളില്ലാത്ത രോഗങ്ങളും മഹാമാരികളും തടയുന്നതിനും ശ്രദ്ധ ചെലുത്തണം. മാനസിക ആരോഗ്യത്തിനു പ്രധാന്യം നൽകണം. പ്രായമായവർക്ക് സഹായസംരക്ഷണം കൂടുതൽ ശക്തിപ്പെടു ത്തണം. കൗമാരഗർഭത്തിനു പരിഹാരം കണ്ടെത്തണം. ഗർഭനിരോധന മാർഗ്ഗങ്ങൾ പ്രയാസം കൂടാതെ ലഭിക്കുമെങ്കിലും അതിന് കൂടുതൽ പ്രോത്സാഹനം നൽകേണ്ടി യിരിക്കുന്നു. നമ്മുടെ സമൂഹങ്ങൾ അവരവരുടെ ആരോഗ്യത്തിന് ഉത്തരവാദിത്തം ഏറ്റെടുത്തു അതിനുവേണ്ടി പ്രവർത്തിക്കണം. ആരോഗ്യവും സംരക്ഷണവും എല്ലാവരുടെയും ജോലിയാണ്. എല്ലാവരും ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ മാത്രമേ മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ.

മെഡിസിൻ പഠിക്കുവാൻ പ്രോത്സാഹനവും അവസരവും നൽകി അനുഗ്രഹിച്ച് ദൈവം എന്നെ അതിശയകരമായി സൃഷ്ടിച്ചു. ദൈവം നൽകിയ അനുഗ്രഹത്തിന് പകരമായി നന്ദിപൂർവ്വം ഞാൻ കുക്ക് ദ്വീപുകളിലെ ആളുകൾക്ക് ഡോക്ടറായി

സേവനം നൽകി. വർഷങ്ങളായി ഞാൻ ആരോഗ്യസംരക്ഷണത്തിൽ പ്രവർത്തിക്കുമ്പോൾ ദൈവം നമ്മെ എല്ലാവരെയും അതിശയകരമായി സൃഷ്ടിച്ചിരിക്കുന്നു എന്ന് ഞാൻ കൂടുതലായി മനസിലാക്കുന്നു. നമ്മുടെ ശരീരവും, മനസ്സും, ആത്മാവും ഒന്നിച്ച് നമ്മുടെ സ്നേഹമുള്ള സൃഷ്ടാവ് തുന്നി ചേർത്തിരിക്കുന്നു. ഞാൻ ഭയങ്കരവും അതിശയകരവുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

<u>സ്തുതിഗീതം</u>

ഗായകർ തീം സോങ് ലീഡ് ചെയ്യുന്നു. പാട്ടിന്റെ സമയത്ത് സ്ത്രീ 3 ഇരിക്കുന്നു.

I am fearfully made, and wonderfully made.

<u>**മദ്ധ്യസ്ഥപ്രാർത്ഥന**</u> (ഗായകരുടെ കൂട്ടത്തിൽ നിന്ന് ഒരാൾ സംസാരിക്കുന്നു.)

നാം പ്രാർത്ഥനാസമയത്ത് ആയിരിക്കുമ്പോൾ ദൈവസന്നിധിയിൽ വരുവാനായി നമ്മുടെ ഹൃദയത്തെ തയ്യാറാക്കാം. നമ്മൾ പ്രാർത്ഥിക്കുമ്പോൾ നാം ദൈവവുമായുള്ള നമ്മുടെ ബന്ധം ആഴത്തിൽ ഉറപ്പിക്കുന്നു. നാം ദൈവവുമായുള്ള ബന്ധത്തിൽ ആഴത്തിൽ ഉറപ്പിക്കുമ്പോൾ ദൈവത്തിന്റെ സൃഷ്ടിയായ എല്ലാ ജീവജാലങ്ങളോടും കൂടുതൽ ബന്ധപ്പെടുന്നു. നമ്മുടെ ഹൃദയങ്ങളും ആത്മാക്കളും ദൈവസന്നിധിയിലേക്ക് തുറക്കാം.

**ഗായകർ പ്രാർത്ഥനാഗാനം ലീഡ് ചെയ്യുന്നു.**

**ലീഡേഴ്സ് 1 , 2 , 3 സ്ഥാനങ്ങളിലേക്ക് വരുന്നു.**

God who knows us, God who is with us,
God who made us, To you we pray.

**ലീഡർ 1 സംസാരിക്കുന്നു.**

മഹത്തായ ദൈവമേ, നിന്റെ മുൻപിൽ ഞങ്ങൾ ഭയഭക്തിയോടെ നിൽക്കുന്നു. ലോകത്തിന്റെ മുഴുവൻ സൃഷ്ടാവായ അങ്ങേക്ക് ഞങ്ങൾ മഹത്വം നൽകുന്നു. നീ മനോഹരമായ കുക്ക് ദ്വീപുകൾ, ഫലഭൂയിഷ്ഠമായ ഭൂമി, മലകൾ, സമുദ്രങ്ങൾ ഇവ സൃഷ്ടിച്ചു. ലോകത്തിന്റെ എല്ലാ ഭാഗത്തും നീ സൗന്ദര്യം സൃഷ്ടിച്ചു. ഭൂമിയിൽ കോഴികളെയും, കടലിൽ തിമിംഗലത്തെയും സൃഷ്ടിച്ചു. നീ ഞങ്ങളെ മനുഷ്യരെ നിന്റെ സ്വരൂപത്തിൽ ഭയങ്കരവും അതിശയവുമായി സൃഷ്ടിച്ചു. എല്ലാ സൃഷ്ടികളും നിന്റെ ഗാംഭീര്യമുള്ള മഹത്വത്തെ വെളിപ്പെടുത്തുന്നു.

ഗായകർ പ്രാർത്ഥനാഗാനം ആവർത്തിക്കുന്നു.

<u>**ലീഡർ 2**</u>

വിശ്വസ്തനായ ദൈവമെ, ഞങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷവും ഞങ്ങളെ കാത്തു പരിപാലിയ്ക്കുന്നതിനായി നന്ദി പറയുന്നു. ഞങ്ങളുടെ ഭയത്തിന്റെയും, ഉത്കണ്ഠയുടെയും, വിഷാദത്തിന്റെയും, നിരാശയുടെയും മധ്യത്തിൽ നീ ഞങ്ങളോടു കൂടെ ഉണ്ടായിരുന്നു. ഞങ്ങളുടെ സാമ്പത്തിക പരിമിതികളിലും, ഭാവിയെപ്പറ്റിയുള്ള അനിശ്ചിതത്തിലും നീ ഞങ്ങളെ സഹായിച്ചു. ചുഴലിക്കാറ്റ്, സുനാമി, കാട്ടുതീ, ഭൂമിക്കുലുക്കം ഇവയുടെ മധ്യത്തിലെല്ലാം നീ ഞങ്ങളുടെ മധ്യേ ഉണ്ട്. കോവി

ഡ്-19 മഹാമാരിയിൽ വളരെയധികം പേരുടെ ശാരീരികവും മാനസികവുമായ പ്രതിസന്ധിയിലും നീ ഞങ്ങളെ ചേർത്തു പിടിച്ചു.

ദൈവമെ, ഞങ്ങളുടെ ശക്തിയേറിയ പ്രാർഥന പ്രസ്ഥാനത്തിന് നേതൃത്വം വഹിയ്ക്കുന്ന എല്ലാ സ്ത്രീകൾക്കുവേണ്ടിയും സ്തോത്രം ചെയ്യുന്നു. ലോക പ്രാർഥനാ ദിനത്തിന്റെ ബാറ്റൻ പൂർവ്വകാലത്തിൽ നിന്നും ഇന്നത്തേയ്ക്ക് കൈമാറിയ മഹാൻമാർക്കു വേണ്ടിയും സ്തോത്രം ചെയ്യുന്നു.

സമൃദ്ധിയുടെ ദൈവമെ, ഞങ്ങൾ നിന്നോട് നന്ദിയുള്ളവരാണ്. നിന്റെ വിശ്വസ്തത്യ്ക്കായി ഞങ്ങൾക്ക് സ്തോത്രം ചെയ്യാതിരിക്കുവാൻ സാധിക്കുകയില്ല.

(ഗായകർ പ്രാർഥനാ ഗാനം ആവർത്തിക്കുന്നു.)

**ലീഡർ 3**

കരുണാസമ്പന്നനായ ദൈവമേ, ഞങ്ങളുടെ പലവിധമായ പാപങ്ങൾ - വാക്കിൽ, പ്രവൃത്തിയിൽ, ചിന്തയിൽ - വന്നിട്ടുള്ള പാപങ്ങൾക്കായി ക്ഷമ യാചിച്ചുകൊണ്ട് വിനയഹൃദയങ്ങളോടെ ഞങ്ങൾ നിന്റെ മുമ്പിൽ വരുന്നു. ഞങ്ങളുടെ ചുറ്റിനുമുള്ളവരെ, നീ അതിശയകരമായി അവരെ സൃഷ്ടിച്ചു എന്നു പരിഗണിയ്ക്കാതെ അവരോട് ദയയില്ലാതെ സംസാരിച്ചിട്ടുണ്ട്. നിന്റെ മനോഹരങ്ങളായ സൃഷ്ടികളെ പരിപാലിക്കുന്നതിനു പകരം ഞങ്ങൾ സമുദ്രങ്ങൾ മലിനമാക്കുകയും പരിസ്ഥിതി നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ അഹങ്കാരവും ധൈര്യമില്ലായും ഞങ്ങൾക്കും മറ്റുള്ളവർക്കും ദോഷകരമായിത്തീർന്നിർക്കുന്നു. ഈ കാരണത്താൽ നിന്റെ അനുഗ്രഹങ്ങളും സ്നേഹവും ഞങ്ങൾക്ക് നഷ്ടപ്പെടുവാൻ കാരണമായി.

(ഗായകർ പ്രാർഥനാഗാനം ആവർത്തിക്കുന്നു.)

**ലീഡർ 1**

കൃപയുള്ള ദൈവമെ, ഞങ്ങളുടെ ഹൃദയത്തിലെ ആഗ്രഹങ്ങൾ കേൾക്കേണമെ. നിന്റെ സ്വഭാവവും രൂപവും ഞങ്ങളിൽ വീണ്ടും സൃഷ്ടിക്കേണമെ. ഞങ്ങളുടെ ദിവ്യമായ സൗന്ദര്യം അംഗീകരിക്കുവാൻ ഞങ്ങളുടെ ആത്മീയകണ്ണുകളും മനസ്സും തുറക്കേണമെ. ഈ സൗന്ദര്യം മറ്റുള്ളവരുമായി പങ്കിടുവാൻ ഞങ്ങൾക്ക് പ്രചോദനം നൽകണമെ. ദൈവമെ, എല്ലാവരിലുമുള്ള ദിവ്യസൗന്ദര്യം മാനിക്കുവാനും, നീ സൃഷ്ടിച്ച ഓരോരുത്തരെയും അഭിനന്ദിക്കുവാനും ഞങ്ങളെ സഹായിക്കേണമെ. ജ്ഞാനിയായ ഗുരുവേ, സൗമ്യനായ ദൈവമെ, എന്തു സാഹചര്യം നേരിടേണ്ടി വന്നാലും നീ എല്ലായ്പ്പോഴും ഞങ്ങളോടുകൂടി ഉണ്ട് എന്നു മനസ്സിലാക്കുവാൻ നീ ഞങ്ങളെ സഹായിക്കേണമെ. സ്നേഹവാനായ പരിശുദ്ധാത്മാവേ, നിന്റെ സ്നേഹം ലോകത്തിനു മുമ്പിൽ പ്രകാശിക്കുവാനും പ്രസരിപ്പിക്കുവാനും നിന്റെ ആലിംഗനം ഞങ്ങൾക്കു ആവശ്യമാണ്.

(ഗായകർ പ്രാർഥനാഗാനം ആവർത്തിക്കുന്നു.)

**ലീഡർ 2**

ജ്ഞാനത്തിന്റെ ദൈവമെ, ഞങ്ങളുടെ നേതാക്കൻമാർക്കായി ഞങ്ങൾ പ്രാർഥിക്കുന്നു. അവർ സമഗ്രതയോടെ തീരുമാനങ്ങൾ എടുക്കുവാൻ അവരുടെ ഹൃദയത്തെയും, മനസ്സിനെയും നയിക്കേണമെ. ഐക്യത്തിന്റെയും സമാധാനത്തിന്റെയും വഴിയിലേക്ക് നമ്മുടെ ലോകത്തെ നീക്കുവാൻ അവരെ പ്രചോദിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യേണമെ.

നമ്മുടെ സമൂഹത്തിലെ ദുർബലരായ കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു. പ്രായമായ സ്ത്രീകൾക്ക് മാന്യതയോടെയും, ബഹുമാനത്തോടെയും കഴിയുവാൻ ഉള്ള സാഹചര്യങ്ങൾ സൃഷ്ടിയ്ക്കേണമെ.

ഞങ്ങളുടെ യുവതികൾക്ക് നല്ല ഭാവിയ്ക്കായി വിദ്യാഭ്യാസം, അഭിലാഷം, ദർശനം ഇവ നൽകേണമെ. ഗാർഹിക പീഡനം അനുഭവിക്കുന്ന സ്ത്രീകൾക്ക് ശക്തി, ധൈര്യം, ക്ഷമ ഇവ നൽകി അനുഗ്രഹിക്കേണമെ.

സൗഖ്യദായകനായ ദൈവമെ, ഞങ്ങൾക്ക് ആരോഗ്യം നൽകിത്തരേണമെ. ശാരീരിക രോഗങ്ങളായ ക്യാൻസർ, ഡയബറ്റിസ്, ഹൃദ്രോഗം തുടങ്ങിയ എല്ലാ രോഗങ്ങളിൽ നിന്നും സൗഖ്യം നൽകേണമെ. മാനസിക അസുഖങ്ങളിൽ നിന്നും, വൈകാരിക മുറിവുകളിൽ നിന്നും ഞങ്ങൾക്ക് മോചനം നൽകേണമെ. ആത്മീയ സൗഖ്യത്തിന് ഭീഷണിയായ സ്വാർഥതയിൽ നിന്നും, അത്യാഗ്രഹത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമെ.

ദൈവമെ, ലോക പ്രാർഥനാദിന പ്രസ്ഥാനം ഞങ്ങളുടെ സമൂഹങ്ങളെ പ്രാർഥനയിൽ ഒന്നിക്കുവാൻ സഹായിക്കേണമെ. നിന്റെ സ്നേഹം മറ്റുള്ളവരിലേക്കു പകരുവാൻ ഞങ്ങളെ സഹായിക്കേണമെ. ആവശ്യത്തിലുള്ള എല്ലാവരെയും സഹായിക്കുവാനും, സംരക്ഷിക്കുവാനും ഞങ്ങളെ ശക്തീകരിക്കേണമെ. എല്ലാ ആളുകൾക്കും അവരുടെ പ്രാധാന്യം മനസ്സിലാകുവാനും, അവർ പരിപാലിക്കപ്പെടുകയും, വിലമതിക്കപ്പെടുകയും ചെയ്യുന്ന എന്നു വിശ്വസിക്കുവാനും തക്കവണ്ണം അവരെ ദൈവം അതിശയകരമായി സൃഷ്ടിച്ചതാണ് എന്നു വിശ്വസിച്ച് അവരോടു പെരുമാറുവാൻ ഞങ്ങളെ സഹായിക്കേണമെ.

(ഗായകർ പ്രാർഥനാഗാനം ആവർത്തിക്കുന്നു.)

**ലീഡർ 3**

നമുക്ക് കർത്താവ് നമ്മെ പഠിപ്പിച്ച പ്രാർഥന കുക്ക് ദ്വീപുകളിലെ നമ്മുടെ സഹോദരിമാരുടെ മവോറി ഭാഷയിൽ പാടാം. അതിനുശേഷം നമ്മുടെ സ്വന്തം ഹൃദയഭാഷയിൽ നമുക്കു പറയാം.

ഗായകർ മാവോറി ഭാഷയിൽ കർത്താവിന്റെ പ്രാർഥന പാടുന്നു. അതിനുശേഷം എല്ലാവരും ചേർന്ന് അവരുടെ സ്വന്തം ഹൃദയഭാഷയിൽ പ്രാർഥന ചൊല്ലുന്നു.

**സ്തോത്രകാഴ്ച**

**ലീഡർ 1**

ഇന്ന് നമ്മൾ കുക്ക് ദ്വീപുകളിലെ ക്രിസ്തീയ വനിതകളുടെ സാക്ഷ്യത്താൽ അനുഗ്രഹീതരായിരിക്കുന്നു. അവർ പറഞ്ഞ മൂന്നു കഥകൾ അവരുടെ ജീവിതവുമായി നമ്മെ യോജിപ്പിച്ചിരിക്കുന്നു. കുക്ക് ദ്വീപുകളിൽ നിന്നുള്ള ഈ സ്ത്രീകൾ അവരുടെ സമയവും കഴിവുകളും ഈ ലോകപ്രാർഥനാദിനം മനോഹരവും സാധ്യവുമാക്കിത്തീർത്തു.

വഴിപാട് അർപ്പിക്കുവാനുള്ള സമയമായിരിക്കുന്നു. ലോക പ്രാർഥനാദിനം ലോകത്തെ പ്രാർഥനയാൽ ബന്ധിപ്പിക്കുവാനായി ക്രിസ്ത്യാനി സ്ത്രീകൾ നയിക്കുന്ന ഒരു പ്രസ്ഥാനമാണ്. കുക്ക് ദ്വീപുകളിലെ നമ്മുടെ സഹോദരികളുമായി നമ്മൾ പ്രാർഥിക്കുമ്പോൾ, നാം പ്രാർഥനാ പ്രവൃത്തിയിലേക്കു നീങ്ങുകയാണ്.

എല്ലാ പെൺകുട്ടികൾക്കും സ്ത്രീകൾക്കും അഭിമാനത്തോടെയും, ആദരവോടെയും ജീവിക്കുവാൻ നമ്മുടെ സാമ്പത്തികസഹായം നൽകുന്നത് ഇതിന് ഒരു മാർഗ്ഗമാണ്.

(ഗായകർ പ്രാർഥനാഗാനം ആവർത്തിക്കുന്നു.)

**ലീഡർ 1**

നാം സ്തോത്രകാഴ്ച നൽകുമ്പോൾ, നമുക്ക് കുക്ക് ദ്വീപുകളിലെ നമ്മുടെ സഹോദ രിമാരുടെ മാവോറി ഭാഷയിലുള്ള 'ഇമേനി റ്റുകി' എന്ന വിശുദ്ധഗാനം കേൾക്കാം. നമ്മുടെ ഹൃദയം തുറന്ന് ഉദാരമായി നമുക്ക് സംഭാവന നൽകാം.

സ്തോത്രകാഴ്ചയുടെ സമയത്ത് ലീഡർമാർ മൂന്നുപേർക്കും ഇരിക്കാം.

സ്തോത്രകാഴ്ചയുടെ അവസാനം ലീഡർ 1 എഴുന്നേറ്റു നിന്ന് സംസാരിക്കുന്നു.

**നമുക്കു പ്രാർഥിക്കാം.**

ദൈവമെ, ഈ സ്തോത്രവഴിപാട് നിനക്കായി സമർപ്പിക്കുന്നു. നീ ഞങ്ങൾക്കു നൽകിത്തന്നിരിക്കുന്ന എല്ലാ ദാനങ്ങൾക്കായും സ്തോത്രം ചെയ്യുന്നു. ഞങ്ങൾ നിനക്കായി ഇപ്പോൾ നൽകിയിരിക്കുന്ന ഈ ദാനങ്ങളെ അനുഗ്രഹിച്ച്, ഇതിനാൽ ലോകം അനുഗ്രഹിക്കപ്പെടുവാൻ ഇടയാക്കേണമെ. **ആമെൻ.**

**തമ്മിൽ തമ്മിലുള്ള അനുഗ്രഹം - ലീഡർ 2 (ലീഡർ 1 ഇരിക്കാവുന്നതാണ്)**

നമ്മുടെ വഴിപാടിന്റെ രണ്ടാമത്തെ ഭാഗമായും ഇന്ന് നമ്മൾ പങ്കിട്ട എല്ലാത്തിന്റെയും പ്രതികരണമായി നമുക്ക് ഒരു നിമിഷം നമ്മുടെ ചുറ്റുമുള്ള കുറച്ചുപേരെ അഭിവാദ്യം ചെയ്യാം.

തുടക്കത്തിൽ 'കിയാ ഒറാനാ' എന്നു പറയാം. അതിനുശേഷം ആ വ്യക്തിയിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന എന്തിനെയെങ്കിലും പറ്റി പറയാം. അവസാനഭാഗത്ത് 'ദൈവം നിങ്ങളെ അതിശയകരമായി സൃഷ്ടിച്ചു' എന്നു പറയണം.

ആ വ്യക്തിയെ നിങ്ങൾക്ക് നന്നായി അറിയാമെങ്കിൽ നിങ്ങൾക്കു ഇങ്ങനെ പറ യാവുന്നതാണ്,

"കിയാ ഒറാന. നിങ്ങൾ മറ്റുള്ളവരോട് ദയവോടും ആദരവോടും കൂടെ പെരുമാറു ന്നത് ഞാൻ ഇഷ്ടപ്പെടുന്നു. ദൈവം നിങ്ങളെ അതിശയകരമായി സൃഷ്ടിച്ചു."

അല്ലെങ്കിൽ

"കിയാ ഒറാന. എനിയ്ക്കറിയാവുന്നതിൽ നിങ്ങൾ ഏറ്റവും നന്നായി പാചകം ചെയ്യു ന്നു. ദൈവം നിങ്ങളെ അതിശയകരമായി സൃഷ്ടിച്ചു."

അല്ലെങ്കിൽ

"കിയാ ഒറാനാ. നിന്റെ കുഞ്ഞുങ്ങളോട് നീ കാണിക്കുന്ന ആത്മസമർപ്പണം എനിക്കു ഇഷ്ടമാണ്. ദൈവം നിങ്ങളെ അതിശയകരമായി സൃഷ്ടിച്ചു."

അവരെ നിങ്ങൾക്ക് ശരിക്ക് അറിയില്ലെങ്കിൽ ഇങ്ങനെ പറയാവുന്നതാണ്.

"കിയാ ഒറാന. നിന്റെ പുഞ്ചിരി എനിക്കു ഇഷ്ടമാണ്. ദൈവം നിങ്ങളെ അതിശയകര മായി സൃഷ്ടിച്ചു."

അല്ലെങ്കിൽ

"കിയാ ഒറാന. നിന്റെ വസ്ത്രം എനിക്കു ഇഷ്ടമാണ്. ദൈവം നിങ്ങളെ അതിശയകര മായി സൃഷ്ടിച്ചു."

നമുക്ക് അന്യോന്യം അനുഗ്രഹം നൽകാം. ജനങ്ങൾ അന്യോന്യം ആശംസ നേരു മ്പോൾ ബാക്ക്ഗ്രൗണ്ടിൽ തീംസോംഗ് കേൾപ്പിക്കാം. തീം സോംഗ് പാടുമ്പോൾ ലീഡർമാർ മൂന്നു പേരും, സ്ത്രീകൾ മൂന്നുപേരും അവരവരുടെ സ്ഥാനങ്ങളിൽ സംസാരിക്കുവാനായി നിൽക്കുന്നു.

I am fearfully made and wonderfully made.
Marvelous are your God's works,
that my soul knows very well
And I Praise you all my days !

You are fearfully made and wonderfully made.
Marvelous are God's works,
that my soul knows very well
And I Praise you all my days !

We are fearfully made and wonderfully made.
Marvelous are God's works,
that we now know knows very well
And we'll Praise you all my days !

<u>പ്രാർഥനാപൂർവ്വമായ പ്രവർത്തനത്തിനുള്ള പ്രതിബദ്ധത</u>

**ലീഡർ 1**
ദൈവം നമ്മോടുകൂടെയും നമുക്കുവേണ്ടിയും ഉണ്ടെന്നു മനസ്സിലാക്കുമ്പോൾ എന്തു സംഭവിക്കുന്നു? നമ്മൾ ഭയങ്കരമായും അതിശയമായും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കുമ്പോൾ എന്താണ് വ്യത്യാസപ്പെട്ടിരിക്കുന്നത് ?

**ലീഡർ 2**
നമ്മൾ വിശ്വസിക്കുന്നത് നമ്മുടെ യാഥാർഥ്യമാകുന്നു. നാം വ്യത്യസ്തമായി ചിന്തി ക്കുമ്പോൾ, നാം വ്യത്യസ്തമായി ജീവിക്കുന്നു. നാം ചിന്തിക്കുന്ന രീതി മാറുമ്പോൾ നാം പ്രവർത്തിക്കുന്ന രീതിയും മാറുന്നു.

**ലീഡർ 3**
നാം ഓരോരുത്തരും ദൈവത്തിന്റെ ഏറ്റവും മികച്ച കലാസൃഷ്ടിയാണ്. ഈ തിരിച്ച റിവ് വ്യത്യസ്ത ജീവിതം നയിക്കുവാൻ എങ്ങനെ കാരണമാകും ?

**സ്ത്രീ 1**
മീ എന്ന യുവതിയെപ്പോലെ, ദൈവത്തിന് നമ്മെ അറിയാം എന്ന് നാം തിരിച്ചറിയുമ്പോൾ നമ്മുടെ ഭയത്തിന്റെ നടുവിലും നമുക്ക് സമാധാനം കണ്ടെത്താം.

**സ്ത്രീ 2**
വൈനുവിനെപ്പോലെ ദൈവം എപ്പോഴും നമ്മുടെ കൂടെ ഉണ്ട് എന്ന് നാം വിശ്വസിക്കുമ്പോൾ സംഘർഷങ്ങളുടെ നടുവിലും നമുക്ക് ധൈര്യം ലഭിയ്ക്കും.

**സ്ത്രീ 3**
ഡോക്ടർ ഡോണിനെപ്പോലെ നാം അതുല്യവും ശ്രേഷ്ഠവുമാണെന്ന് മനസ്സിലാവുമ്പോൾ, അതിശയമായി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് തിരിച്ചറിയുമ്പോൾ നമ്മുടെ ദാനങ്ങളും കഴിവുകളും ലോകത്തെ സേവിയ്ക്കുവാനും അനുഗ്രഹിക്കുവാനും ഉപയോഗിക്കണം.

**ലീഡർ 1**
ലോക പ്രാർഥനാദിനത്തിന്റെ നമ്മുടെ പ്രമാണവാക്യം "പ്രാർഥന അറിയിപ്പ്, പ്രാർഥനാപൂർവ്വമായ പ്രവർത്തനം" എന്നാണ്. അവസാനമായി നമുക്ക് ഒരുമിച്ച് ഒരു നിമിഷം ചിന്തിയ്ക്കാം. സമുദ്രത്തിലെ തിരമാലകളുടെ ശബ്ദം വീണ്ടും കേൾക്കുമ്പോൾ ദൈവം എങ്ങനെയാണ് ലോകത്തിൽ ഒരു പുതിയ രീതിയിൽ ആയിരിക്കുവാൻ നമ്മെ വിളിയ്ക്കുന്നത്, പ്രാർഥനാപൂർവ്വമായ പ്രവർത്തനം ചെയ്യുവാൻ നമ്മെ വിളിക്കുന്നത് എന്ന് നമ്മോടുതന്നെ നമുക്കു ചോദിക്കാം.

ഒന്നോ രണ്ടോ മിനുറ്റ് സമുദ്രത്തിലെ തിരമാലകളുടെ ശബ്ദത്തിന്റെ റെക്കോർഡ് കേൾപ്പിക്കുക.

**ആശീർവ്വാദം**

**ലീഡർ 1**
പുറപ്പെടുക, ഈ നല്ല വാർത്തയിൽ ജീവിക്കുക.

**ലീഡർ 2**
ദൈവമാണ് നമ്മുടെ സൃഷ്ടാവ്. ദൈവം നമ്മെ അതിശയമായി സൃഷ്ടിച്ചു. ദൈവം നമ്മെ അറിയുന്നു. ദൈവം നമ്മോടു കൂടെ ഉണ്ട്.

**ലീഡർ 3**
ദൈവത്തിന്റെ വിലയേറിയ, പ്രിയപ്പെട്ട പൈതലായി നിന്നെത്തന്നെ കരുതുക. അതുപോലെത്തന്നെ മറ്റുള്ളവരെയും ദൈവത്തിന്റെ വിലയേറിയ, പ്രിയപ്പെട്ട പൈതങ്ങളായി കരുതി അവരോടു പെരുമാറുക.

**ആമെൻ.**

**സമാപനം**

ഗായകർ തീം സോംഗ് കേൾപ്പിക്കുമ്പോൾ ലീഡർമാർ മൂന്നു പേരും ജനങ്ങളെ അഭിവാദനം ചെയ്യുക.

* * * * * * * * * * * * *